കോഴിക്കോട് സർവ്വകലാശാലയിലെ പ്രക്ഷോഭം

141 (1197) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിദ്യാർത്ഥി പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥി പ്രക്ഷോഭം സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിരുന്നോ ; സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയുണ്ടായോ ; ഈ വിഷയത്തിൽ കൈക്കൊണ്ട തീരുമാനം എന്തെന്ന് വിശദമാക്കാമോ ;

(സി) വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യത്തോട് വൈസ് ചാൻസലർ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നതാണ് സമരം തുടരുന്നതിന് പ്രധാന കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന റഗുലർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേക്ക്, സ്വാശ്രയ വിഭാഗം കായിക വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സർവ്വകലാശാല അധികൃതരുടെ തീരുമാനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ഇ) സർവ്വകലാശാല കാമ്പസ് ഹോസ്റ്റലുകളിലെ ശോച്യാവസ്ഥ സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ ; സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയുണ്ടായോ ; ഈ വിഷയത്തിൽ കൈക്കൊണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ ;

(എഫ്) സ്വാശ്രയ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന സർവ്വകലാശാല ഈ ഫണ്ട് ഉപയോഗിച്ച് അവർക്ക് ഹോസ്റ്റൽ പണിയുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) ഹോസ്റ്റൽ പ്രവേശനം സംബന്ധിച്ച പ്രശ്നത്തിൽ സർവ്വകലാശാല കാമ്പസിലെ വിദ്യാർത്ഥികളെ തമ്മിലടിപ്പിക്കുന്ന വിധം തീരുമാനം കൈക്കൊണ്ട വൈസ് ചാൻസലറുടെ നടപടി തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരവും വൈസ് ചാൻസലറും സിൻഡിക്കേറ്റും തമ്മിലുള്ള പ്രശ്നങ്ങളും സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 28-10-2014-ൽ ബഹു. മുഖ്യമന്ത്രി, വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാലയുടെ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യുദയകാംക്ഷികളും മദ്ധ്യസ്ഥരുമായവർ എന്നിവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി :

1. വിദ്യാർത്ഥികളുടെ ഫെലോഷിപ്പുകൾ 4-11-2014 നകം നൽകണം. ഇല്ലെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ വൈസ് ചാൻസലർ നടപടിയെടുക്കണം.

2. അദ്ധ്യാപകരുടെ കൂടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുകയും പ്രൊമോഷനും മറ്റ് പ്രശ്നങ്ങളും സംബന്ധിച്ച് അടിയന്തരമായി പരിഹാരം കാണുകയും വേണം.

3. ഹോസ്റ്റൽ നിർമ്മാണം ഉടനേ ആരംഭിക്കണം.

4. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കുകയും കോമൺ മെസ് സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യണം.

5. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സ്ഥിതിഗതികൾ മാസത്തിലൊരിക്കൽ അവലോകനം ചെയ്യണം.

ഈ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനു വേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അനുമതി നലകിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യത്തോട് വൈസ് ചാൻസലർ നിഷേധാത്മകമായ സമീപനമല്ല സ്വീകരിക്കുന്നത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്.

(ഇ) 'ബി ' പിരിവ് കാണുക.

(എഫ്) സർവ്വകലാശാലയുടെ മുഖ്യ വരുമാന മാർഗ്ഗങ്ങളിലൊന്നാണ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ഫീസ്. കായിക മേഖലക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്ട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.-ഡബ്ലിയു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) 'ബി ' പിരിവ് കാണുക.

LIBRARY ARCHIVES Kerala Legislative Assembly